ക്വട്ടേഷൻനം:ICPS2/4321/2022(7)

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം.
തിയതി : 05/01/2023
ഇ-മെയിൽ-wcdaudit@gmail.com
ഫോൺ നം : 0471-2346534

## ക്വട്ടേഷൻ നോട്ടീസ്

(അനുബന്ധം 10)

| | |
|---|---|
| ക്വട്ടേഷൻ നമ്പർ | ICPS2/4321/2022(7) |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | 13/01/2023 03.00 മണി |
| ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | 13/01/2023 04.00 മണി |
| അടങ്കൽതുക | 95000/- |
| ക്വട്ടേഷൻ സമർപ്പിക്കേണ്ട അധികാരി, ഓഫീസ്, വിലാസം | ഡയറക്ടർ<br>വനിതാ ശിശു വികസന ഡയറക്ടറേറ്റ്<br>പൂജപ്പുര,തിരുവനന്തപുരം |
| ക്വട്ടേഷൻ കവറിനു മുകളിൽ രേഖപ്പെടുത്തേണ്ടവ<br>ക്വട്ടേഷൻ നം: - വർണ്ണചിറകുകൾ ക്വട്ടേഷൻ | |

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളുടെയും തിരുവനന്തപുരം ജില്ലയിലെ എൻ ജി ഓ ഹോമുകളിലെ കുട്ടികളുടെയും സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2023 ജനുവരി മാസം 20,21,22 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിൽ വെച്ച് വർണ്ണചിറകുകൾ എന്ന പേരിൽ നടത്തുന്ന പരിപാടിയിലേക്ക് കർട്ടനുകൾ( മുന്നിൽ ,പിന്നിൽ , വശങ്ങളിൽ), ഉദ്ഘാടന സമാപന ചടങ്ങുകൾക്കായുള്ള സ്റ്റേജ് ഡെക്കറേഷൻ , VIP ചെയർ എന്നിവ ക്രമീകരിക്കുന്നതിന് ഈ മേഖലയിൽ പരിചയ സമ്പന്നരായ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറുകളിൽ ക്ഷണിക്കുന്നു.

### പ്രവർത്തി സ്വഭാവം

1. 2023 ജനുവരി 20,21,22 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിലെ പ്രധാന സ്റ്റേജിൽ ഉദ്ഘാടന സമാപന ചടങ്ങുകൾക്കായുള്ള സ്റ്റേജ് ഡെക്കറേഷൻ , VIP ചെയർ, 10 എണ്ണം), കർട്ടനുകൾ ( മുന്നിൽ ,പിന്നിൽ , വശങ്ങളിൽ) എന്നിവ ക്രമീകരിക്കണം. ( സ്റ്റേജ് വിസ്തീർണ്ണം = 48 അടി വീതി * 13 അടി പൊക്കം)

2. 2023 ജനുവരി 20,21,22 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജിലെ ഓപ്പൺ സ്റ്റേജിൽ കർട്ടനുകൾ( മുന്നിൽ ,പിന്നിൽ , വശങ്ങളിൽ) എന്നിവ ക്രമീകരിക്കണം. ( സ്റ്റേജ് വിസ്തീർണ്ണം = 26 അടി വീതി * 12 അടി പൊക്കം)

വ്യവസ്ഥകൾ

1) 3 ദിവസത്തെ പ്രവർത്തിക്കായുള്ള ആകെ തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. എല്ലാ പ്രവർത്തി തുകയും ട്രാൻസ്പോർട്ടേഷൻ ചെലവ് ഉൾപ്പെടെ ആയിരിക്കും.

2) ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയിൽ നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിച്ച കരാറുകാരുടേയും അവർ രേഖാമൂലം ചുമതലപ്പെടുത്തുന്നവരുടേയോ സാന്നിധ്യത്തിൽ നിശ്ചിത തീയതിയിൽ നിശ്ചിത സമയത്തിൽ ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതായിരിക്കും. ഇവരുടെ അഭാവത്തിലും നിശ്ചിത സമയത്ത് ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതായിരിക്കും.

3) ക്വട്ടേഷൻ തുറക്കുന്ന തീയതിയിൽ ഏതെങ്കിലും സാഹചര്യത്തിൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ രാവിലെ 10.30 മണിക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്.

4) ക്വട്ടേഷന് സ്റ്റോർ പർച്ചേസ് മാനുവൽ, ജി എസ് ടി, ഐ ടി ചട്ടങ്ങൾ മറ്റു സർക്കാർ ചട്ടങ്ങൾ/ഉത്തരവുകൾ ബാധകമായിരിക്കും.

5) ക്വട്ടേഷൻ ഏതൊരു കാരണവും കൂടാതെ നിരുപാധികം നിരസിക്കുന്നതിനും തീർപ്പു കൽപ്പിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നീട്ടി വയ്ക്കുന്നതിനുമുള്ള അധികാരം ക്വട്ടേഷൻ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

6) ക്വട്ടേഷൻ അംഗീകരിച്ചു ലഭിക്കുന്ന കരാറുകാരൻ കരാറു തുകയുടെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കേണ്ടതും, 200/- രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത കരാർ ഏർപ്പെട്ട് പ്രവർത്തി പൂർത്തിയാക്കേണ്ടതുമാണ്.

7) ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ ക്വട്ടേഷൻ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ക്വട്ടേഷൻ തീയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുര ആസ്ഥാനമായി പ്രവർത്തിക്കുന്ന വനിത ശിശുവികസന ഡയറക്ടറേറ്റിൽ നിന്നും അറിയാവുന്നതും പ്രവർത്തി സ്ഥലം പരിശോധിക്കാവുന്നതാണ്.

വനിത ശിശുവികസന ഡയറക്ടർ